SUPRABHATHAM - 26-04-2025

# സിഫ്റ്റ് സ്ഥാപക ദിനാഘോഷം: 29ന് പൊതുജനങ്ങൾക്ക് പ്രവേശനം

**കൊച്ചി ▸** മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും അറിവുകളും ജനകീയമാക്കാൻ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് 29ന് പൊതുജനങ്ങൾക്കായി തുറന്നിടും. സിഫ്റ്റിന്റെ 68 ാമത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം നടത്തുന്നത്.

സിഫ്റ്റിലെ ഓരോ ഡിവിഷനുകളിലെ നൂതന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ ഓപ്പൺ ഹൗസിൽ സന്ദർശിക്കാം. വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. സിഫ്റ്റിന്റെ ഗവേഷണമേഖലകൾ അടുത്തറിയാനും സംശയനിവാരണത്തിനും പ്രദർശനം പ്രയോജനപ്പെടും. രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരു മണി വരെയാണ് ഓപൺ ഹൗസിന്റെ സമയം. പ്രവേശനം സൗജന്യമാണ്.

അന്നേദിവസം തന്നെ സ്കൂൾ, കോളജ് വിദ്യാർഥികൾക്കായി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും സംഘടിപ്പിക്കുന്നുണ്ട്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നാളെ വരെ സിഫ്റ്റിന്റെ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. വിവരങ്ങൾക്ക് 9895479974.